# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3581 15.07.2015 - ൽ മറുപടിക്ക്

## കടൽ-കായൽ ജല ശുദ്ധീകരണശാലകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ.വി.ഡി.സതീശൻ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജല അതോറിറ്റി കടൽ-കായൽ ജലശുദ്ധീകരണശാലകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ജലഅതോറിറ്റി കടൽ - കായൽ ജല ശുദ്ധീകരണശാലകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ട്. |
| (ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ; | (ബി) കേരളത്തിൽ കുടിവെള്ള സ്രോതസ്സുകളുടെ അഭാവംമൂലം ശുദ്ധജലക്ഷാമം രൂക്ഷമായ തീരപ്രദേശങ്ങളിലും കുട്ടനാട് പോലുള്ള പ്രദേശങ്ങളിലും ജലത്തിൽ അടങ്ങിയിരിക്കുന്ന ലവണാംശങ്ങൾ മാറ്റി ശുദ്ധജലം നൽകുന്നതിനു വേണ്ടിയാണ് ഇത്തരം ശുദ്ധീകരണശാലകൾ നിർമ്മിക്കാൻ ലക്ഷ്യമിടുന്നത്. |
| (സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിന് ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) കേന്ദ്ര സഹായം ഒന്നും തന്നെ ഇപ്പോൾ ലഭിക്കുന്നില്ല. |
| (ഡി) കുടിവെള്ളക്ഷാമം പരിഹരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ? | (ഡി) ഇതിനായി മണിക്കൂറിൽ 2000 മുതൽ 10,000 ലിറ്റർ വരെ കുടിവെള്ളം ഉൽപ്പാദിപ്പിക്കുവാൻ ശേഷിയുള്ള ചെറുകിട റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ലവണാംശം അധികമായ ജലം റിവേഴ്സ് ഓസ്മോസിസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ശുദ്ധീകരിച്ച് കുടിവെള്ളമായി നൽകുകയാണ് ലക്ഷ്യം. |

സെക്ഷൻ ഓഫീസർ